LIBRARY ARCHIVES Kerala Legislative Assembly

പേരാവൂർ കുടിവെള്ള പദ്ധതി

125 (722) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിവെള്ള പദ്ധതിക്കായി പേരാവൂർ നിയോജകമണ്ഡലത്തിൽ എന്തു തുക ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പണി പൂർത്തീകരിച്ച ചാവശ്ശേരി, പാറയ്ക്കമല എന്നീ കുടിവെള്ള പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്ത മാക്കുമോ ;

ഉത്തരം

(എ)

1. അയ്യൻകുന്ന് പഞ്ചായത്തിലെ പാറയ്ക്കാമലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ചെലവ് 60.06 ലക്ഷം രൂപ.

2. കൂടാളി പഞ്ചായത്തിലെ ആയിപ്പുഴ-കാലംപാറ പ്രദേശങ്ങൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ചെലവ് 38.78 ലക്ഷം രൂപ.

3.എ.ആർ.പി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള കീഴൂർ-ചാവശ്ശേരി വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ചെലവ് 442 ലക്ഷം രൂപ

(ബി) 2011 ഫെബ്രുവരിയിൽ അഞ്ചരക്കണ്ടി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി കീഴൂർ - ചാവശ്ശേരി വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

പാറയ്ക്ക മലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി 2011 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്യാൻ കഴിയും

മൂന്നാട്-ബോധഡുക്ക കുടിവെള്ള പദ്ധതി

126 (723) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ മൂന്നാട്, ബോധഡുക്ക വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയത് എപ്പോഴാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനാകും എന്നും അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാട്, ബോധടുക്ക, കുറ്റിക്കോൽ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പാക്കേജ്-I ലെ

ഇൻടേക്ക് വെൽ-കം-പമ്പ് ഹൗസിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാക്കേജ് 2-ലെ മൂന്ന് എം.എൽ.ഡി ശുദ്ധീകരണശാലയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്. പാക്കേജ് 3-ലെ 2710 മീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ 2540 മീറ്റർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 2.10 ലക്ഷം ലിറ്റർ, 2.80 ലക്ഷം ലിറ്റർ ഭൂതല സംഭരണികൾ എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാക്കേജ് 4-ലെ വിതരണ ശൃംഖലയുടെ സോൺ II, സോൺ III പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണ ശൃംഖലയുടെ സോൺ I-ന്റെ ദർഘാസ് സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് 2/2008-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 31-12-2011-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ദേലമ്പാടി കുടിവെള്ള പദ്ധതി

127 (724) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ദേലമ്പാടി അനുബന്ധ വില്ലേജുകളി ലേക്കുള്ള കുടിവെള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) മേൽ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പദ്ധതിക്കു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം പദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

കുളത്തൂപ്പുഴ ശുദ്ധജല പദ്ധതി

128 (725) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പദ്ധതിയുടെ കിണറിന്റേയും കിണറിന്റെ സംരക്ഷണ പ്രവർത്തന ങ്ങളുടേയും നിർമ്മാണം പൂർത്തിയായി. കിണറിൽനിന്നും ശുദ്ധീകരണശാലയി ലേക്കുള്ള പമ്പിംഗ് മെയിനിന്റെ പണി 90 % പൂർത്തിയായി. കാഞ്ഞിരോട്ടു

LIBRARY ARCHIVES Kerala Legislative Assembly